# Deepika

# 16 July 2018

# Kochi, Heavy Rain, Waterlogged Roads

## തോരാമഴയിൽ മുങ്ങി നഗരം

കൊച്ചി: തോരാമഴയിൽ നാടും നഗരവും വെള്ളത്തിൽ. ഇന്നലെ രാവിലെ മുതൽ ആരംഭിച്ച മഴയിൽ ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങി.

കൊച്ചി നഗരത്തിലെ മേനക, ഹൈക്കോർട്ട് ജംഗ്ഷനുകളിൽ ഓടകൾ നിറഞ്ഞ് വെള്ളം റോഡിലേക്കു കയറിയതോടെ ഇതുവഴിയുള്ള വാഹന യാത്ര ദുഷ്കരമായി. നടപ്പാതകൾ വെള്ളത്തിൽ മുങ്ങിയതോടെ കാൽനട യാത്രക്രാർ വലഞ്ഞു. റോഡിൽ വെള്ളം നിറഞ്ഞതിനാൽ കുഴികൾ അറിയാതെ ഇരുചക്ര വാഹനങ്ങൾ പലതും കുഴികളിൽ വീണു.

രവിപുരം മുതൽ മഹാരാജാസ് കോളജ് ഗ്രൗണ്ട് വരെയുള്ള റോഡ് പൂർണമായും വെള്ളത്തിൽ മുങ്ങി. ബസ്സ്റ്റോപ്പിൽ വെള്ളം കയറിയതിനെത്തുടർന്ന് പലയിടത്തും യാത്രക്കാർ നന്നേ ബുദ്ധിമുട്ടി. എംജി റോഡിലും നോർത്തിലും ഇടറോഡുകളിലുൾപ്പെടെ മുട്ടറ്റം വെള്ളം പൊങ്ങി. കാനകൾ കവിഞ്ഞൊഴുകിയതോടെ മാലിന്യങ്ങൾ റോഡിൽ അടിഞ്ഞുകൂടി.

ഇടപ്പള്ളി, പാലാരിവട്ടം, കലൂർ, കച്ചേരിപ്പടി, കോൺവന്റ് ജംഗ്ഷൻ, സൗത്ത്, വൈറ്റില തുടങ്ങിയ പ്രധാന ജംഗ്ഷനുകളെല്ലാം വെള്ളത്തിലായി. വൈറ്റിലയിൽ മെട്രോയുടെയും മേൽപ്പാലത്തിന്റെ പണികൾ പുരോഗമിക്കുന്നതിനാൽ തകർന്ന റോഡിലൂടെ വാഹനങ്ങൾ ഇഴഞ്ഞുനീങ്ങിയത് ഏറെനേരത്തെ ഗതാഗതക്കുരുക്കിന് കാരണമായി.

മെട്രോയുടെ പണികൾ നടക്കുന്ന എംജി റോഡിലും ഗതാഗതക്കുരുക്ക് രൂക്ഷമായിരുന്നു. സൗത്ത് റെയിൽവേ സ്റ്റേഷൻ പരിസരത്ത് മെട്രോയുടെ പണികൾ നടക്കുന്നതിനാൽ പ്രധാന കവാടം ഉൾപ്പെടെ വെള്ളത്തിൽ മുങ്ങി. റോഡിൽ വെള്ളം പൊങ്ങിയത് സ്റ്റേഷനിലേക്കെത്തിയ യാത്രക്കാരെയും ബാധിച്ചു. എറണാകുളം ബ്രോഡ്‌വേയുടെ ഇടറോഡുകളിൽ വെള്ളംനിറഞ്ഞത് വ്യാപാരികളെ വലച്ചു. കെഎസ്ആർടിസി ബസ്സ്റ്റാൻഡ് വെള്ളത്തിൽ മുങ്ങി. കമ്മട്ടിപ്പാടം, ഉദയാകോളനി എന്നിവിടങ്ങളിൽ വീടുകളിൽ വെള്ളം കയറിയതോടെ ജനജീവിതവും ദുഷ്കരമായി.



തോരാതെ പെയ്ത മഴയിൽ വെള്ളത്തിലായ റോഡിലൂടെ സൈക്കിളുമായി നീങ്ങുന്നയാൾ. എറണാകുളം നോർത്തിൽ നിന്നുള്ള രാത്രിദൃശ്യം. ജില്ലയിലെ പ്രധാന റോഡുകളിലെല്ലാം ഇന്നലെ വെള്ളം കയറി - ബ്രില്യൻ ചാൾസ്